അപേക്ഷകൾ, രസീതികൾ എന്നിവയുടെ ലളിതവൽക്കരണം

188 (7157) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ വകുപ്പിലെ അപേക്ഷകൾ, രസീതുകൾ എന്നിവ ലളിതവൽക്കരിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) എന്തെല്ലാം സൗകര്യങ്ങളാണ് ഇത് മുഖേന ജനങ്ങൾക്ക് ലഭിക്കുന്നത് ; വ്യക്തമാക്കാമോ ;

(ഡി) ആയതിനായി എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കാമോ ?

ഉത്തരം

(എ - ഡി) ഇ-ഗവേണൻസിന്റെ ഭാഗമായി റവന്യൂ വകുപ്പിൽനിന്നും നൽകിവരുന്ന 23 സർട്ടിഫിക്കറ്റുകൾ ഡിജിറ്റൽ ഫോർമാറ്റിൽ നൽകിവരുന്നു. എൻ. എൽ. ആർ. എം. പി. യുടെ കീഴിലുള്ള Relis പദ്ധതി പ്രകാരം Online Transfer of Registry (പോക്കുവരവ്) ജില്ലകളിൽ വിജയകരമായി നടത്തിവരുന്നു. paperless പോക്കുവരവ് സംവിധാനം നടപ്പാക്കുക എന്നതാണ് ലക്ഷ്യമിട്ടിരിക്കുന്നത്. സ്മാർട്ട് വില്ലേജ് ഓഫീസുകൾ പ്രഖ്യാപിച്ചതുവഴി റവന്യൂ ഓഫീസുകൾ കടലാസുരഹിത ഓഫീസുകളാക്കുന്നതാണ്. ഇ-പേമെന്റ് സംവിധാനമടക്കമുള്ള പേപ്പർ രഹിത ഗവേണൻസ് സംവിധാനം നടപ്പിലാക്കുക എന്നതാണ് ലക്ഷ്യം.

ഗ്രൂപ്പ് വില്ലേജ് ഓഫീസുകളുടെ വിഭജനം

189 (7158) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആകെ എത്ര വില്ലേജ് ഓഫീസുകൾ നിലവിലുണ്ടെന്നും എത്ര ഗ്രൂപ്പ് വില്ലേജ് ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ടെന്നും അറിയിക്കുമോ ;

(ബി) തൃശ്ശൂർ ജില്ലയിൽ പ്രവർത്തിച്ചുവരുന്ന ഗ്രൂപ്പ് വില്ലേജ് ഓഫീസുകൾ ഏതെല്ലാമെന്ന് അറിയിക്കാമോ ;

(സി) ജനങ്ങൾക്ക് ഏറ്റവും കൂടുതൽ ആശ്രയിക്കേണ്ടിവരുന്ന ഓഫീസുകളെന്ന നിലയ്ക്ക്, ജനബാഹുല്യവും പ്രവൃത്തി സൗകര്യവും പരിഗണിച്ച് ഗ്രൂപ്പ് വില്ലേജുകൾ വിഭജിച്ച് പുതിയ വില്ലേജ് ഓഫീസുകൾ രൂപീകരിക്കുന്നതിന് ആലോചിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നാട്ടിക മണ്ഡലത്തിലെ പാറളം ഗ്രൂപ്പ് വില്ലേജ് ഓഫീസ് വിഭജിച്ച് കോടന്നൂർ വില്ലേജ് ഓഫീസ് എത്രയുംവേഗം രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ ആകെ വില്ലേജുകൾ-1664, സംസ്ഥാനത്തെ ആകെ ഗ്രൂപ്പ് വില്ലേജുകൾ-100

(ബി) ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി & ഡി) ഒരു പഞ്ചായത്തിൽ ഒരു വില്ലേജ് ഓഫീസ് എന്ന നയത്തിന്റെ ഭാഗമായി 30 പുതിയ വില്ലേജുകൾ രൂപീകരിക്കുകയും ഇത് സംബന്ധിച്ചുള്ള വിജ്ഞാപനവും തിരുത്തൽ വിജ്ഞാപനവും ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. നാട്ടിക നിയോജക മണ്ഡലത്തിലെ പാറളം ഗ്രൂപ്പ് വില്ലേജ് ഓഫീസ് വിഭജിച്ച് കോടന്നൂർ വില്ലേജ് ഓഫീസ് രൂപീകരിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

തിരുവള്ളൂർ വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെ ശോചനീയാവസ്ഥ

190 (7159) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ തിരുവള്ളൂർ വില്ലേജ് ഓഫീസ് കെട്ടിടം ശോചനീയാവസ്ഥയിലാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ടി കെട്ടിടം പുതുക്കിപ്പണിയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. തുടർന്ന് വില്ലേജ് ഓഫീസ് പ്രവർത്തനം വാടക കെട്ടിടത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്.

(ബി) കെട്ടിടം പുതുക്കിപ്പണിയുന്നതിന് വിശദമായ എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയർ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം കോഴിക്കോടിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly